വൈപ്പിൻ മണ്ഡലത്തിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ്

43 (3548) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ, എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ പഞ്ചായത്തുകളിൽ നിന്നായി 2015 ജനുവരി 1-ന ശേഷം ലഭിച്ച അപേക്ഷകൾ എത്രയെന്നും ഇതിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പുകൽപ്പിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

ആകെ 439 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 311 എണ്ണം തീർപ്പാക്കാനുണ്ട്.

പി.എസ്.സി. നിയമനം

44 (3550) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ 30 വരെ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകളുടെ എണ്ണം എത്രയെന്ന വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പും ഇതിൽ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2015 ഒക്ടോബർ 30 വരെ പൊതുഭരണ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ-ബി വകുപ്പിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരു ഒഴിവും സർവ്വീസസ്-ഇ വകുപ്പിന് കീഴിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 16-ഉം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തികയിൽ 20 ഒഴിവുകളും സർവ്വീസസ് -എ വകുപ്പിന് കീഴിൽ റിട്ടയർമെന്റ് മുഖേന അസിസ്റ്റന്റ് തസ്തികയിൽ 71 ഒഴിവുകളും

LIBRARY ARCHIVES Kerala Legislative Assembly